ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) യോഗപ്രകൃതി ചികിത്സാകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ശിപാർശ പരിഗണനയിലില്ല.

(സി) യോഗ തെറാപ്പിയുടെ പ്രചാരത്തിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗ പരിശീലനത്തിനുവേണ്ട സംവിധാനങ്ങൾ ആയുഷ് മെഡിക്കൽ ആഫീസർമാർ മുഖാന്തരം നൽകിവരുന്നു.

കുന്ദംകുളം ഗവ.താലൂക്കാശുപത്രിയിലെ ഒഴിവുള്ള തസ്തികകൾ

60 (2334) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദംകുളം ഗവ. താലൂക്കാശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെയും, നഴ്സുമാരുടെയും തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെയും നഴ്സുമാരുടെയും തസ്തികകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കുന്ദംകുളം ഗവൺമെന്റ് താലൂക്കാശുപത്രിയിൽ ജനറൽ മെഡിസിനിൽ കൺസൾട്ടന്റിന്റെ ഒരൊഴിവും ജൂനിയർ കൺസൾട്ടന്റിന്റെ (അനസ്തേഷ്യ) ഒരൊഴിവും നിലിവിലുണ്ട്. സ്റ്റാഫ് നഴ്സ് തസ്തികയിൽ ഒഴിവുകളൊന്നും നിലവിലില്ല.

(ബി) ജൂനിയർ കൺസൾട്ടന്റിന് പ്രൊമോഷൻ നൽകി കൺസൾട്ടന്റ് തസ്തികയിലെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ജനറൽ കേഡറിലെ നിശ്ചിത യോഗ്യതയുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നൽകുന്നതിനുള്ള സത്വര നടപടികളും സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിലുള്ള തസ്തികകൾ

61 (2335) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിലുള്ള തസ്തികകൾ ഏതെല്ലാമാണ്; പ്രസ്തുത തസ്തികകളിൽ ഏതെങ്കിലും ഒഴിഞ്ഞു കിടപ്പുണ്ടോ; എങ്കിൽ എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ആശുപത്രിയിലെ സി റ്റി സ്കാൻ, എക്സ് -റേ മെഷീൻ എന്നിവ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എത്രകാലമായി ഇത് പ്രവർത്തിക്കുന്നില്ല; പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്താൻ വരുന്ന പാവപ്പെട്ട രോഗികൾക്ക് വേണ്ടി ബദൽ സംവിധാനം ഏർപ്പാട് ചെയ്തിട്ടുണ്ടോ; പ്രസ്തുത ആശുപത്രിയിൽ എത്ര കിടക്കകളാണ് ഉള്ളത്; പലപ്പോഴും കിടക്ക ലഭിക്കാതെ രോഗികൾക്ക് നിലത്ത് കിടക്കേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ദുരവസ്ഥ ശാശ്വതമായി പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(ബി) പ്രസ്തുത ആശുപത്രിയിലെ സി.ടി. സ്കാൻ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ എക്സ്റേ മെഷീൻ സ്ഥാപിച്ചിരുന്ന പഴകിയ കെട്ടിടം തകർന്നതിനാൽ 2010 നവംബറിൽ എക്സ്റേ മെഷീൻ അഴിച്ചുവച്ചതു മുതൽ ജനറൽ ആശുപത്രിയുടെ എക്സ്റേ പ്രവർത്തിക്കുന്നില്ല. പകരമായി ആശുപത്രി കോമ്പൗണ്ടിനുള്ളിലുള്ള ജില്ലാ റ്റി.ബി. സെന്ററിലെ എക്സ്റേ യൂണിറ്റ് മുഖേനയാണ് ആശുപത്രിയിലെ രോഗികളുടെയും എക്സ്റേ എടുത്തുകൊണ്ടിരുന്നത്. എന്നാൽ 2014 സെപ്തംബർ പകുതിയോടെ ജില്ലാ റ്റി.ബി. സെന്ററിലെ മെഷീന്റെ പ്രധാന ഭാഗങ്ങൾ പൂർണ്ണമായി തകരാറിലായതിനാൽ പ്രവർത്തനം നിർത്തിവച്ചു. 2015 ഏപ്രിൽ മാസത്തിൽ ജനറൽ ആശുപത്രിക്ക് ഒരു 300 എം.എ. എക്സ്റേ യൂണിറ്റ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത എക്സ്റേ യൂണിറ്റ് ജില്ലാ റ്റി.ബി. സെന്ററിൽ ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

സമഗ്ര ആദിവാസി ആരോഗ്യ സുരക്ഷാ പദ്ധതി, ആരോഗ്യ കിരൺ, ആർ.എസ്.ബി.വൈ. എന്നീ സ്കീമിൽ ഉൾപ്പെടുന്ന പാവപ്പെട്ട രോഗികൾക്ക് പുറത്തുനിന്നു എക്സ്റേ എടുക്കുന്നതിനുവേണ്ടിവരുന്ന ചെലവ് 18-6-2014 മുതൽ ഹോസ്പിറ്റലിൽ നിന്നു തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രസ്തുത ആശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണം 212 ആണ്. അനുവദിച്ച കിടക്കകളുടെ എണ്ണത്തേക്കാൾ കൂടുതൽ രോഗികൾ പ്രവേശിക്കപ്പെടുമ്പോൾ രോഗികളെ നിലത്ത് കിടക്കകൾ ഇട്ട് കിടത്തേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത ദുരവസ്ഥ പരിഹരിക്കുവാൻ ബെഡ്സ്ട്രെങ്ത് ഉയർത്തുവാൻ വേണ്ടിയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തിക

62 (2337) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ എൻ.സി.എ.-എസ്.ഐ.യു.സി.-നാടാർ വിഭാഗത്തിന്റെ ഒഴിവുകൾ നികത്തുന്നതിലേക്കായി എന്നാണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി; അവസാനമായി നിയമന ഉത്തരവ് എന്നാണ് നൽകിയിട്ടുള്ളത്;

(ബി) നിലവിൽ എൻ.സി.എ.-എസ്.ഐ.യു.സി.-നാടാർ വിഭാഗത്തിൽ എത്ര ഒഴിവുകൾ ഉണ്ട്; ഇവ ഉടൻ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 25-6-2012-ന് നിലവിൽ വന്ന. 4 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. 23-7-2012-ന് അവസാനമായി പി.എസ്.സി. നിയമന ശിപാർശ നൽകുകയും 3-11-2012-ന് അവസാനമായി നിയമന ഉത്തരവ് നൽകുകയും ചെയ്തു.

(ബി) ഇപ്പോൾ നിലവിലില്ല.

ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കാൻ സംവിധാനം

63 (2338) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി പി. എച്ച്. സി., സി. എച്ച്. സി.-കളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ബി) ഗ്രാമീണതലത്തിൽ ആരുടെ ചുമതലയിലാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly